**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6713 04/04/2018-ൽ മറുപടിയ്ക്ക്

# പ്രീപ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം

| ചോദ്യം<br>**ശ്രീ.പി.ടി.എ. റഹീം** | ഉത്തരം<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|
| (എ) അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെ നിയന്ത്രണത്തിൽ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിച്ചു വരുന്ന പ്രീപ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം നൽകി വരുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതു തീയതി വരെ ജോലിയിൽ പ്രവേശിച്ചവർക്കാണ് ഈ ആനുകൂല്യം നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) 01/08/2012 വരെ സർവ്വീസിലുള്ളവർക്ക് യോഗ്യതയുടെയോ കുട്ടികളുടെ എണ്ണമോ നോക്കാതെ അംഗീകാരം നൽകിയിട്ടുണ്ട്. 07/12/2012 വരെ നിശ്ചിത യോഗ്യതയുള്ളവർക്കും ഓണറേറിയം അനുവദിച്ചിട്ടുണ്ട്. |
| (സി) നാല് ഡിവിഷനുകളുള്ള പ്രീ-പ്രൈമറി സ്കൂളുകളിൽ മൂന്ന് അദ്ധ്യാപികമാർക്കും ഒരു ആയക്കും മാത്രം ഓണറേറിയം നൽകുകയും ഒരാൾക്ക് മാത്രം നൽകാതിരിക്കുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ടോ; | (സി) 30 കുട്ടികൾക്ക് 1 അദ്ധ്യാപിക, 1 ആയ എന്ന ക്രമത്തിൽ 07/12/2012 വരെയുള്ള തസ്തികകൾ അംഗീകരിച്ചിട്ടുണ്ട്. ഈ കാലയളവിൽ അർഹതയുള്ള എല്ലാ പേർക്കും ഓണറേറിയം അനുവദിച്ചിട്ടുണ്ട്. |
| (ഡി) ജോലിയിൽ പ്രവേശിച്ച തീയതി വൈകിപ്പോയി എന്ന കാരണത്താൽ അർഹമായ ആനുകൂല്യം നിഷേധിക്കപ്പെടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) 07/12/2012-ന് ശേഷം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുതിയ പ്രീ-പ്രൈമറികൾക്ക് അംഗീകാരമോ തസ്തികകൾ അംഗീകരിച്ചോ നൽകിയിട്ടില്ല. ലഭ്യമാകുന്ന പരാതികൾ പരിശോധിച്ച് അനുഭാവപൂർവ്വം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

(ഇ) ഇത്തരം കേസുകളിൽ മാനുഷിക പരിഗണന നൽകി ആനുകൂല്യം ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ഇ) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 07/12/2012-ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രീ-പ്രൈമറികളിലെ അദ്ധ്യാപകർക്കും ആയമാർക്കുമുള്ള ഓണറേറിയം 300 രൂപ (മുന്നൂറ് രൂപ മാത്രം), 200 രൂപ (ഇരുന്നൂറ് രൂപ മാത്രം) എന്നതിൽ നിന്ന് യഥാക്രമം 5000 രൂപ (അയ്യായിരം രൂപ മാത്രം) 3500 രൂപ (മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) എന്നതായി വർദ്ധിപ്പിക്കുകയും, ഈ തീയതി മുതൽ സർക്കാർ അനുമതിയില്ലാതെ പുതുതായി സ്കൂളുകൾ അനുവദിക്കുന്നില്ല എന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, അധികമായി അദ്ധ്യാപിക, ആയ എന്നിവരുടെ നിയമനവും കർശനമായി നിരോധിച്ചിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ